MONDAY 11-04-2022 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Sunilkumar R

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-11/04/2022.

1. വെള്ളായണി കാർഷിക കോളേജിലെ ബയോകൺട്രോൾ ലബോറട്ടറിയിൽ നിന്നും മിത്രപ്രാണികളുടെ **മുട്ടകാർഡ് അഥവാ ട്രൈക്കോകാർഡുകൾ** ലഭ്യമാണ്. കൃഷിക്ക് ദോഷകരമാകുന്ന കീടങ്ങൾക്കെതിരെയുള്ള ജൈവീക കീട നിയന്ത്രണ ഉപാധിയാണ് ട്രൈക്കോകാർഡ്. നെല്ലിന്റെ ത ുതുരപ്പൻപുഴു, ഓലചുരുട്ടിപ്പുഴു, പച്ചക്കറിവിളകളിലും മറ്റുവിളകളിലും കാണുന്ന പുഴുവർഗ്ഗകീടങ്ങൾ എന്നിവയ്ക്കെതിരെ ട്രൈക്കോകാർഡുകൾ ഫലപ്രദമാണ്. ഒരു കാർഡിന് 50 രുപയാണ് വില. ഒരു ഹെക്ടർ നെൽകൃഷിയ്ക്ക് ഒറ്റത്തവണ ഉപയോഗിക്കാൻ 250 രുപയാണ് വില. കൂടുതൽ വിവരങ്ങൾക്ക്. **9645136567, 9446378182** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. ഒല്ലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്ര കാർഷിക വികസന പദ്ധതിയായ''ഒല്ലൂർ കൃഷി സമൃദ്ധി'' യുടെയും ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ഏപ്രിൽ 13,14 തീയതികളിൽ **കാർഷിക സംരംഭകത്വ മേള** സംഘടിപ്പിക്കുന്നു. കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയായ **ഞങ്ങളും കൃഷിയിലേക്ക്** എന്ന പരിപാടിയുടെ ഭാഗമായി, എല്ലാവരേയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കാർഷിക മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ച് നടത്തുന്ന ഈ മേളയുടെ ഉദ്ഘാടനം, ഏപ്രിൽ 13 ന് രാവിലെ 10 ന്, ബഹു. റവന്യു വകുപ്പ് മന്ത്രി അഡ്വ. കെ.രാജൻ നിർവഹിക്കും. തുടർന്ന് കാർഷിക മേഖലയിലെ സംരംഭകത്വ വികസനത്തിന് സഹായകമായ സെമിനാറുകളും സംരംഭകരുമായി അനുഭവം പങ്കു വയ്ക്കലും ഉ ായിരിക്കും. മേളയുടെ ര ാം ദിവസമായ ഏപ്രിൽ 14 -ന് 11 മണിക്ക് സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം റവന്യു വകുപ്പ് മന്ത്രി അഡ്വ. കെ.രാജൻ നിർവഹിക്കും.

3. മേലെ പട്ടാമ്പി തെക്കുമുറിയിൽ പ്രവർത്തിക്കുന്ന പാലക്കാട് ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും ഒരു മാസം പ്രായമായ ആൺപെൺ തിരിയാത്ത ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 100 രൂപ നിരക്കിൽ നാളെ (ഏപ്രിൽ 12) കാലത്ത് 10 മണി മുതൽ വിൽപ്പന നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0466-2212279, 6282937809, 0466-2912008** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ട്രില്ലർ ഈ മാസം 13-ന് (ഏപ്രിൽ 13) രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുമ്പായി 1000 രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേ താണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടുക.

5. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് പുനലൂരിൽ കരാർ അടിസ്ഥാനത്തിൽ പ്രൊഡക്ഷൻ അസിസ്റ്റന്റ്/പ്രൊഡക്ഷൻ എക്സിക്യുട്ടീവ്, ഇലക്ട്രീഷ്യൻ, മാർക്കറ്റിംഗ് എക്സിക്യുട്ടീവ് എന്നീ ഒഴിവുകളിലേയ്ക്കും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വിവിധ പ്രോജക്ടുകൾക്കായി പരിചയ സമ്പന്നരായ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, കാർഷിക മേഖലകളിൽ യോഗ്യതയുള്ള പ്രോജക്ട് കൺസൾട്ടന്റുമാരെ എംപാനൽ ചെയ്യുന്നതിനുമുള്ള അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷ ലഭിക്കേ അവസാന തീയതി ഈ മാസം 21 (ഏപ്രിൽ 21) ആണ്. താൽപര്യമുള്ളവർ അപേക്ഷയോടൊപ്പം യോഗ്യത, പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പും, ബയോഡേറ്റയും ഈ മാസം 21-നു (ഏപ്രിൽ 21) മുമ്പായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കിസ്സാൻ ജ്യോതി ഫോർട്ട് പി.ഒ., തിരുവനന്തപുരം-23 എന്ന വിലാസത്തിലോ, keragrotvm@gmail.com എന്ന മെയിൽ ഐഡിയിലോ അപേക്ഷിക്കുക. കൂടുതൽ വിവിരങ്ങൾക്ക് www.keralaagro.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **0471-2471343, 2471344** എന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

## പരിശീലന പരിപാടികൾ

6. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് നടത്തുന്ന ഏകദിനപരിശീലനം നാളെ (ഏപ്രിൽ 12) കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

7. കേരള കാർഷിക സർവകലാശാല ഇ -പഠന കേന്ദ്രം "**രോഗ കീട നിയന്ത്രണം ജൈവ ജീവാണു മാർഗങ്ങളിലൂടെ**" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി ഈ മാസം 14-ന് (ഏപ്രിൽ14) തുടങ്ങുന്നു. രജിസ്റ്റർ ചെയ്യേ അവസാന തീയതി ഈ മാസം 13 (ഏപ്രിൽ 13) ആണ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ് ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ ജയിക്കുന്നവർക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് വാങ്ങി സർട്ടിഫിക്കറ്റ് നൽകും. www.celkau.in/MOOC/Default.aspx എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം.

## കാർഷിക നിർദ്ദേശങ്ങൾ

8. ചെടികളിൽ കാണുന്ന വെളുത്ത പഞ്ഞിപോലുള്ള **മീലിമുട്ടയെയും** പരന്ന ആകൃതിയിലുള്ള **ശൽക്കകീടങ്ങളേയും** നിയന്ത്രിക്കാനായി 5 ഗ്രാം ബാർസോപ്പ് ചെറുതായി അരിഞ്ഞ് ചൂടു വെള്ളത്തിൽ ലയിപ്പിച്ച് ചെടികളിൽ തളിച്ചു കൊടുത്തതിന് ശേഷം ഒരു മണിക്കൂർ കഴിഞ്ഞ് **ലക്കാനിസീലിയം ലക്കാനി** എന്ന കുമിൾ പൊടി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. ഇവ വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. മീലിമുട്ടയുടെ വംശവർദ്ധനവ് വളരെ കൂടുതലായതിനാൽ 2-3 ദിവസത്തിലൊരിക്കൽ തളിച്ചു കൊടുക്കണം. ഇതു വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. പപ്പായ മീലിമുട്ടക്കെതിരെ **അസിരോഫാഗസ് പപ്പായ** എന്ന എതിർ പ്രാണികളെ ഉപയോഗിക്കുന്നത് ഫലപ്രദമാണ്. ഇവയെ ലഭിക്കുന്നതിന് വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ബയോകൺട്രോൾ യൂണിറ്റുമായോ, മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററുമായോ **0487 – 2438303, 0487 – 2370773** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.